പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2501 05/02/2018 -ൽ മറുപടിയ്ക്ക്

# തണൽ വിശ്രമ കേന്ദ്രം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ: | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി). | |
|---|---|---|---|
| എ) | ബേക്കൽ കോട്ടക്ക് സമീപം ബി.ആർ.ഡി.സിയുടെ കൈവശമുള്ള തണൽ വിശ്രമ കേന്ദ്രം (നിർവ്വാണ ബേക്കൽ) ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ) | തണൽ വിശ്രമ കേന്ദ്രം ഏപ്രിൽ 2016 മുതൽ പ്രവർത്തിക്കുന്നില്ല . നേരത്തെ ടെണ്ടർ ചെയ്ത് പാട്ടകരാർ വ്യവസ്ഥയിൽ നടത്തി വരികയായിരുന്നു |
| ബി) | പ്രവർത്തിക്കുന്നില്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ; | ബി) | കെട്ടിടത്തിന് നമ്പറില്ലാത്തതിനാൽ നിയമപരമായ ബുദ്ധിമുട്ടുകൾ ഉണ്ട്. ആയതിനാൽ പാട്ടത്തിന് എടുത്ത് നടത്തുവാൻ ഏജൻസികൾ വിമുഖത കാണിക്കുന്നു |
| സി) | ഇവിടെ മുൻപ് ബി.ആർ.ഡി.സിയുടെ ഓഫീസ് പ്രവർത്തിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ; | സി) യും | ഇവിടെ മുൻപ് ബി ആർ ഡി സി യുടെ പ്രൊജക്റ്റ് ഓഫീസ് പ്രവർത്തിച്ചിരുന്നു. 2009 മുതൽ ബി ആർ ഡി സി യുടെ ഏക ഓഫീസ് പാലക്കുന്നിലാണ് പ്രവർത്തിക്കുന്നത്. പ്രതിമാസ വാടക 19500 രൂപയാണ്. |
| ഡി | നിലവിൽ ബി.ആർ.ഡി.സിയുടെ ഓഫീസ് എവിടെയാണ് പ്രവർത്തിക്കുന്നതെന്നും വർഷത്തിൽ എത്ര തുക വാടകയിനത്തിൽ നൽകുന്നുണ്ടെന്നും വിശദമാക്കാമോ; | ഡി) യും | |

(...2)

| | | | |
|---|---|---|---|
| ഇ) | പൂട്ടികിടക്കുന്ന തണൽ വിശ്രമ കേന്ദ്രത്തിൽ ബി.ആർ.ഡി.സിയുടെ ഓഫീസ് പ്രവർത്തനം പുനരാരംഭിച്ച് വാടകയിനത്തിൽ നൽകുന്ന അനാവശ്യ ചെലവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് എന്താണ് തടസ്സം എന്ന് വിശദമാക്കാമോ? | ഇ) | കെട്ടിട നമ്പറിന് വേണ്ടി പള്ളിക്കര പഞ്ചായത്ത് അധികൃതർക്ക് പുനർ അപേക്ഷ കൊടുത്തിട്ടുണ്ട്. കെട്ടിടത്തിന് നമ്പർ ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തന ക്ഷമമാക്കുന്നതാണ് |

സെക്ഷൻ ഓഫീസർ